48 (1154) ഇടത്തരം ജലസേചന പദ്ധതികൾ

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന എത്ര ഇടത്തരം ജലസേചന പദ്ധതികൾ സംസ്ഥാനത്തുണ്ട്; ഏതെല്ലാം;

(ബി) ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) ഈ വർഷം ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയാവും എന്ന് പറയുമോ?

ഉത്തരം

(എ)&(ബി)

	പദ്ധതിയുടെ പേര്	നിർമ്മാണം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന വർഷം
1.	കണക്കൻ കടവ് ബ്രിഡ്ജ്-കം-റെഗുലേറ്റർ	31.5.1996
2.	കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി	1996
3.	കാരാപ്പുഴ ജലസേചന പദ്ധതി	1984-85
4.	തൃത്താല റഗുലേറ്ററും പാലവും	9-ാം പദ്ധതിയുടെ അവസാനം

(സി) കാഞ്ഞിരപ്പുഴ, കണക്കൻകടവിലെ ബ്രിഡ്ജ് കം റെഗുലേറ്റർ എന്നീ പദ്ധതികൾ ഈ വർഷം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണക്കൻ കടവ് ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിന്റെ മെറ്റലിംഗും ടാറിംഗും റെഗുലേറ്റർ ഷട്ടർ ഘടിപ്പിക്കലും ഒഴിച്ചു ബാക്കിയുള്ള പണികൾ തീർത്ത് 30.5.1999ന് ഗതാഗതത്തിന് തുറന്നുകൊടുക്കുകയുണ്ടായി.

49 (1155) ചെറുകിട ജലസേചന പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൻകീഴിൽ മുൻസർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറുകിട ജലസേചന വിഭാഗത്തിലെ എന്തെല്ലാം അധികാരങ്ങളാണ് ത്രിതല പഞ്ചായത്ത് സംവിധാനത്തിന് നൽകിയിട്ടുള്ളത്;

(ഡി) ഇതുവരെയുള്ള ത്രിതല പഞ്ചായത്തുകളുടെ ഈ രംഗത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആവിഷ്കരിച്ച ചെറുകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ജലധാരാ പദ്ധതി.

2. ജലവാഹിനി പദ്ധതി.

3. ചെക്ക് ഡാം പദ്ധതി.

4. മലയോര ജലസംഭരണ പദ്ധതി.

(ബി) ഉണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ടിന്റെ (RIDF) ഒന്നും രണ്ടും മൂന്നും നാലും ഘട്ടങ്ങളിലായി യഥാക്രമം 60, 118, 98, 86 ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ RIDF V ൽ ഉൾപ്പെടുത്തി 86 പദ്ധതികൾ കൂടി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) 15 ഹെക്ടർവരെ ജലസേചനം നടത്തുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ അറ്റകുറ്റ പണികളും ചെയ്യുന്നതിനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ചെറുകിട ജലസേചന വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്താൻവേണ്ടി പ്രത്യേക നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

50 (1156) ഗ്രാമീണ ജലവിതരണ പദ്ധതി

ശ്രീ. വി. ബാലറാം :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പണി നടത്തിവരുന്നു;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. സഹായം ലഭ്യമല്ലാത്ത ഗ്രാമീണ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് ഈ തുക വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 161 പ്രധാന ഗ്രാമീണ ജലവിതരണ പദ്ധതികളുടെ പണി നടന്നുവരുന്നു.

(ബി) 3005 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly